
മികവിന്റെ
കൽപടവുകൾ
little
KITEs

Presenting by ST.GEMMA'S GIRLS' H.S.S MALAPPURAM



With regards ,



We are in a world of digital .Everything we have at our finger tips .We have known to for and wide within a second with the digital progress .In this pandemic affected world we have more access to be more digital and digitalized .We are very much familiar with our online class on digital platform .Thus the world today are around the online classes ,works  etc. There are indeed merits and demerits of such progress .Yet if we use it with wisdom life can become easy and beautiful .Little Kites is a programme where in students are being trained and made ready to face the different phases of digital world .Dear students may you grow in knowledge and right use of media and technology and then you may become  great persons of digital world communicating to a digital society .Well wishes are followed on all you  endeavours.

Sr. Daisy K M

Headmistress

ആശംസകളോടെ,



ഒരോ മാഗസിനും സർഗ്ഗശേഷിയുടെ പ്രകടനങ്ങൾ ആണ്.തലമുറകൾ കൈമാറി വരുന്ന കലാബോധത്തിന്റെ തുടർച്ച.....

ഡിജിറ്റൽ മാഗസിൻ ആകുമ്പോൾ അത് പുതിയ കാലത്തിന്റെ ക്യാൻവാസ് ആണ്.ഏത് ക്യാൻവാസിലും പകർത്തപ്പെടേണ്ടത് മനുഷ്യ മനസ്സിലെ നന്മയും സ്നേഹവും പങ്കുവയ്ക്കലും ആണ്.ഈ മാഗസിനും അങ്ങനെ ആയിരിക്കട്ടെ എന്നാശംസിക്കുന്നു.

ജോൺസൺ സർ

ആശംസകളോടെ,



കുഞ്ഞുങ്ങളുടെ സർഗാത്മക ശേഷികൾ കുഞ്ഞുനാളിലെ കണ്ടെത്തി വളർത്തുക എന്നത് വിദ്യാഭ്യാസത്തിന്റെ പ്രധാനപ്പെട്ട ലക്ഷ്യമാണ്. അതിനായി നാം പല വിധത്തിലുള്ള അവസരങ്ങൾ തുറന്നിടാറുണ്ട്. അതിലൊന്നാണ് ഇന്നത്തെ ഡിജിറ്റൽ ലോകം. ഇതിലേക്ക് കടന്നു വന്ന ലിറ്റിൽ കൈറ്റ്സിലെ എല്ലാ കുഞ്ഞുങ്ങൾക്കും പ്രത്യേക അഭിനന്ദനങ്ങൾ.നിങ്ങൾ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന് നിങ്ങളുടെ സർഗാത്മക ശേഷികൾ വികസിപ്പിക്കുവാൻ കഴിയുന്നതാകട്ടെ....

സിസ്റ്റർ ബീന

# ഉള്ളടക്കം

**കവിതകൾ** **1-12**

അമ്മ ..........2
എന്റെ ഭാഷ..........3
Mother is my bestie..........4
ഓർമ്മ..........5
പക..........6
ഒരു ദൈവം തൻ ക്രോദഭാവം..........7
വെളിച്ചം..........8
അവൾ..........9
കാർമേഘം..........10
ചിരി..........11
മഴ ..........12

**കഥകൾ** **13-24**

ദാമുവിന്റെ അത്യാഗ്രഹം വരുത്തിയ വിന ..........14
കരുത്ത് ..........16
An old man lived in the village..........18
സഹോദര സ്നേഹം ..........20
A Boy Who Cried Wolf..........21
വിധി..........22

**ലേഖനങ്ങൾ** **25-34**

മരങ്ങളുടെ പ്രാധാന്യം ........................................................26

സർപ്പയജ്ഞം ........................................................27

കൊറോണ വൈറസ്........................................................28

ആൽക്കെമിസ്റ്റ് ........................................................30

Natural disaster........................................................34

**വരകൾ വർണ്ണങ്ങൾ** **35-40**

**ഓർമ്മകൾ** **41-49**

Little kites........................................................42

Farewell........................................................45

THE END........................................................50



# കവിതകൾ

# അമ്മ

നന്മ സമൂഹമോ നിനക്കെന്തു പറ്റി,
അമ്മയെ നിന്ദിക്കുന്നതെന്തിനാണ് ?
അമ്മതൻ താരാട്ട് കേൾക്കാൻ കൊതിച്ച
കാലാ നീ പറ്റെ മറന്നു പോയോ
സ്നേഹം കൊതിക്കുന്ന അമ്മയിൽ
നിന്നും
നീയിന്നെന്തിനിത്രകന്നുപോയി
വൃദ്ധസദനം നിന്നമ്മ തൻ വീടാണോ
നിന്നുള്ളിലെയ ധമ ചിന്നതൻ
കാടാണോ
ചിമ്മാത്ത കണ്ണുമായ കാവലിരുന്നില്ലേ
നീ കരഞ്ഞപ്പോൾ നെഞ്ചം
പിടഞ്ഞില്ലേ
ഇതൊന്നുമ്മോർക്കാതെ കയറുന്ന



പടികൾ ?
എവിടേക്കു നയിക്കുന്നുവെന്നോർക്കുക,
നരകത്തിലേക്കോ അതോ അമ്മതൻ കാലടിയിലേതോ ?

ശിവപ്രിയ
9C

# എന്റെ ഭാഷ

കിളിക്കൊഞ്ചൽ വിടരുന്ന പുണ്യ ഭാഷ
മലയാളമാണ് എന്റെ മാതൃഭാഷ
മണ്ണിൽ പിറന്നൊരു കാലം മുതൽ
അമൃതം ചൊരിയുന്ന ദിവ്യഭാഷ
തേനിന്റെ മാധുര്യമുള്ള ഭാഷ
മലയാളമല്ലാതെ വേറെയേത് ?
ജനനിയായി ജനകനായി കരുലനായ്
കൂടെ പഠിക്കും സഹപാഠിയായ്
എന്റെ മനസ്സിന്റെ ദിക്കുകളിൽ
എന്നുമുറങ്ങുന്ന ഭാഷയല്ലേ?



ആരതി പത്മ
9c

# Mother Is My Bestie

My mom is really cute :
She is sweet as she can be :
When I need some help , I know
She's always there for me
Mom loves me all the time ,
Even when I'm post :
She always takes
Good care of me :
My mother is the best.



Anupriya .M.A
9B

# ഓർമ്മ

ഓർമ്മ മറവിയുടെ ജീവിതമാണ്
മറവി ഓർമ്മയുടെ മരണവും
കാലം ഓർമ്മയെ മായ്ച്ചുകളയും
ഓർമ്മ കാലത്തെ വീണ്ടെടുക്കും
ദുഃഖം ഓർമ്മയുടെ ഭാരമാണ്.
സന്തോഷം ഓർമ്മയുടെ ആഘോഷവും.

റന ഫാത്തിമ
9c



# പക

ജ്വലിച്ച നിന്ന
ഓരോ മെഴുകുതിരിക്കും
ഒരു അഗ്നിയെ തന്നെ സൃഷ്ടിക്കാൻ
സാധിക്കുമായിരുന്നു.
പക്ഷെ,
അവയെ ചെറിയതിരില്ലേ എന്നു -
പറഞ്ഞു ഊതി കെടുത്തവർ
അറിഞ്ഞിരുന്നില്ല!
ആ മെഴുകുതിരിനാളത്തിനുള്ളിലകപ്പെട്ട
പ്രതീക്ഷകളെ,സ്വപ്നങ്ങളെ...
ഓർത്തുവെക്കുക,
ഓരോ കനലുകളും പുകഞ്ഞു പുകഞ്ഞു
ഓരോ തീഗോളമായി പരിണമിക്കാൻ
കാലതാമസം വിദൂരമല്ലേ.
അനന്തതയിൽ നിന്ന് പുനർജനിച്ച
ആ തീളനാളത്തിന്റെ ഊർജം
തന്റെ,
ആഗ്രഹങ്ങളെ ഊതിക്കെടുത്തിയവരോടുള്ള
പക തന്നെയാണ്
**സർവ്വതും ചുട്ടെരിക്കാനുള്ള പക**

**Nisla**
**9C**

# ദൈവം തൻ ക്രോധഭാവം

“അമ്മ ഭൂമി,സ്വർഗ ഭൂമി”
കാലത്തിൽ പഴമൊഴി മാറുകയായ്
അഴിമതി ഭൂമി സഹിക്കവയ്യ
തൊട്ടുത്തു ദൈവം വിഷയമ്പ്

ചെറിയൊരു പനിയും
വലിയൊരു രോഗം
നഗരമൊട്ടുക്കെ വിജനതയായ്

കണ്ണടച്ചുതുറക്കും മുമ്പേ
ലോകം മുഴുവൻ സ്തംഭിച്ചു

മാനുഷലോകം മിന്നൽ പണിമുടക്കിൽ
ലോകം ഭരിക്കുന്ന ഒരു സൂക്ഷ്മജീവി
തന്നിലെ പല വിധ വകഭേദവുമായ്
പിടിയിലൊതുക്കിയവൻ ഭൂഗോളം

ശരീരമാകെ മൂടിക്കെട്ടി
വീടുകളെല്ലാം കൊട്ടിയടച്ച്
ചെറുത്തു നിന്നു മനുഷ്യരും

പരിധികളിനിയും ലംഘിച്ചാൽ
ഉന്മൂലനം അതു പ്രവചനാതീതം

റിസ ഫാത്തിമ
9C

# വെളിച്ചം



ദുഃഖമാം ഇരുട്ടിലെ വെളിച്ചമാണ് പുഞ്ചിരി.
എല്ലാം മറിച്ചീടുമാ  പുഞ്ചിരി മറച്ചുകളഞ്ഞു
പുതുപ്പാഠം.
എങ്കിലും തളരാതെ നക്ഷത്ര പ്രഭയാൽ
തിളങ്ങി നയനങ്ങളിൽ, ആ പുഞ്ചിരി.

കരുതലിൻ കരങ്ങൾക്ക്   സ്വാധനമേകി,
മിഴികളെ നനച്ചീടുമാ മഴയെ
പ്രതീക്ഷയുടെ വർണ്ണങ്ങൾ ചാലിച്ച മഴവില്ലാക്കി ,....
പിടച്ചീടുമാ ഹൃദയത്തെ സ്നേഹത്തിന്റെ
പൂക്കൾ കൊണ്ട് മധുരമേകി....
ഇടറിയ കാൽ പാദങ്ങൾക്ക്
പ്രതീക്ഷയുടെ ചുവടുകളായി മാറി,
ആ പുഞ്ചിരി

സ്വപ്നമാം ചിറകിനെ വീണ്ടുമുയർത്തി
ആ പുഞ്ചിരി,
തളരാതെ,പതറാതെ

മേഘ.ഇ
9A

# അവൾ

കയ്യിൽ പൊതിഞ്ഞു പിടിച്ച
ഒരു
പുസ്തകമുണ്ടായിരുന്നു.

ഒന്നും അറിയിക്കാതെ തനിക്കായി
മാത്രം
അവളൊരുക്കിയ ഒരു പുസ്തകം.

തൻ്റെ പ്രണയമാണോ എന്നു ചോദിച്ചവർക്കായി
അവൾ
മനോഹരമായ പുഞ്ചിരി സമ്മാനിച്ചു.

ഒരിക്കെ അവളാ പേജുകൾ പതിയെ മറിച്ചു
മുഴുവൻ ശൂന്യമായിരുന്നു...
എന്തിനാലെ മായ്ക്കപ്പെട്ട വെള്ളക്കടലാസുകൾ.

അവളോർത്തു,
താനും ഇങ്ങനെയാണ്...
എന്തിനാലോ എഴുതപ്പെട്ട് ആരിനാലോ മായ്ക്കപ്പെട്ട
ഒരു പുസ്തകം!!!

Nisla
9C

# കാർമേഘം

മനം പോലെ മാനവും
ഇരുളുന്നു വീണ്ടും....
പെയ്തൊഴിയുന്നില്ല
ഒരു തുള്ളിപ്പോലും...
ഘനമേറെയാണതാനും..
ആർത്തലച്ചു ചെയ്യണം
ലഘുവായ് വീണ്ടും -
വാനിലോക്കുണർന്നുയരാൻ
ഈ ചക്രമിതുപോൽ തുടരുവാൻ

ജീന ഫാത്തിമ

9C

# ചിരി

ചിരിയുണ്ടാകുന്നതാ,
നന്മ നിറഞ്ഞ ഹാസ്യങ്ങളിൽ
സൗഹൃദങ്ങളിൽ സന്മനസ്സുള്ളവരിൽ
മാത്രമാണെങ്കിൽ?
എന്നോനഷ്ടപ്പെട്ട ചിരി
ഓർത്തെടുക്കാനാവില്ലൊരിക്കലും!!...

നടന്നു പോകുന്നവനെ കടക്കാരനാകുന്ന
കച്ചവട മാസ്മരീകത -
തിരിച്ചറിയാനാവാതെ,
സുഖഭോഗങ്ങളിൽ ക്കുഴഞ്ഞ്
തിരിഞ്ഞു നോക്കാനാവാതെ,
മോഹങ്ങളും സ്വപ്നങ്ങളും
ഉയർന്ന മൺകുമ്പാരത്തിനുച്ചിയിൽ
ചെന്നുലയുന്നു.

ഫാത്തിമ സിൽജിയ

9C

# മഴ



നൊമ്പരമെഴുതിയ
മഴയേ...
എത്ര നീ വേദന
തന്നുവേന്നാലും
പ്രണയിച്ചു
പോയില്ലേ നിന്നെ
ഞാൻ മഴയേ...
പ്രണയിച്ചിട്ടും ഞാൻ
ഇനിയുള്ള കാലവും
നിൻ മഴത്തുള്ളി
കിലുക്കമൊണിപ്പഴം
എൻ ഇടനെഞ്ചിൻ
ഹൃദയ താളം



റിൻഷ
9C


കഥകൾ

# ദാമുവിന്റെ അത്യാഗ്രഹം വരുത്തിയ വിന

ഒരിടത്തൊരിടത്ത് ദാമു എന്ന് പേരുള്ള സ്വാർത്ഥനും അത്യാഗ്രഹിയുമായ ഒരു മനുഷ്യനുണ്ടായിരുന്നു. ഒരു ദിവസം അയാളുടെ മുപ്പതു സ്വർണനാണയങ്ങൾ അടങ്ങിയ സഞ്ചി നഷ്ടമായി. അയാൾ കുറെ അന്വേഷിച്ചിട്ടും സഞ്ചി കിട്ടിയില്ല. അയാൾ നിരാശനായി.

അയാൾ നിരാശനായിരിക്കുന്നത് കണ്ട അയാളുടെ സുഹൃത്ത് കാര്യം അന്വേഷിച്ചു. സ്വർണനാണയങ്ങൾ കാണാതായ വിവരം ദാമു സുഹൃത്തിനോട് പറഞ്ഞു. അയാളുടെ സുഹൃത്ത് ഒരു സത്യസന്ധനും പരോപകാരിയും ആയിരുന്നു. സുഹൃത്തിന്റെ പേര് രാമു എന്നായിരുന്നു. രാമു ദാമുവിനെ സഹായിക്കാനായി നാണയത്തിനു വേണ്ടിയുള്ള അന്വേഷണം ആരംഭിച്ചു.

കുറെ അന്വേഷണത്തിനൊടുവിൽ രാമുവിന് ദാമുവിന്റെ നാണയങ്ങൾ അടങ്ങുന്ന സഞ്ചി കിട്ടി.

രാമു സഞ്ചിയുമായി ദാമുവിന്റെ അടുക്കലെത്തി. ദാമുവിന് സന്തോഷമായി. ദാമു സഞ്ചി തുറന്ന് നാണയങ്ങൾ എണ്ണി നോക്കി. മുപ്പതു സ്വർണനാണയങ്ങൾ അതിൽ ഉണ്ടായിരുന്നു. അപ്പോൾ അത്യാഗ്രഹിയായ ദാമു രാമുവിനോട് പറഞ്ഞു. "അല്ലയോ സുഹൃത്തേ, ഇതിൽ നാല്പത് സ്വർണനാണയങ്ങൾ ഉണ്ടായിരുന്നു. ഇപ്പോൾ ഇതിൽ മുപ്പതു നാണയങ്ങളെ ഉള്ളൂ. താങ്കൾ ബാക്കി നാണയങ്ങൾ എടുത്തോ ?" . "ആ സഞ്ചിയിൽ അത്രയും നാണയങ്ങളെ ഉണ്ടായിരുന്നുള്ളൂ. ഞാൻ അതിൽ നിന്നും ഒന്നും എടുത്തിട്ടില്ല." രാമു വിഷമത്തോടെ പറഞ്ഞു. എന്നാൽ ദാമു അത് സമ്മതിച്ചില്ല. അവർ തമ്മിൽ തർക്കമായി. അവസാനം തർക്കം മൂത്ത് നായാധിപന്റെ അടുത്ത് പോകാമെന്നായി.

അവർ രണ്ടു പേരും കൂടി ഒരു നായാധിപന്റെ അടുത്ത് ചെന്നു. എന്നിട്ട് നടന്നതെല്ലാം ന്യായാധിപനെ അറിയിച്ചു. ന്യായാധിപൻ കുറച്ചു സമയം ആലോചനാ നിമഗ്നായി ഇരുന്നു. അതിന് ശേഷം ദാമുവിനോട് ചോദിച്ചു. "നിങ്ങളുടെ സഞ്ചിയിൽ നാൽപതു സ്വർണനാണയങ്ങൾ ഉണ്ടായിരുന്നെന്ന് നിങ്ങള്ക്ക് ഉറപ്പാണോ ?" അത്യാഗ്രഹിയായ ദാമു പറഞ്ഞു. " അതെ, ആ സഞ്ചിയിൽ നാല്പത് സ്വർണനാണയങ്ങൾ ഉണ്ടായിരുന്നു." അതുകേട്ട ന്യായാധിപൻ രാമുവിനോടു ചോദിച്ചു. "നിങ്ങൾ ഈ സഞ്ചിയിൽ നിന്ന് നാണയങ്ങൾ എടുത്തോ?" രാമു വിഷമത്തോടെ പറഞ്ഞു. "ഇല്ല. ഞാൻ അതിൽ നിന്ന് ഒന്നും എടുത്തിട്ടില്ല.എന്റെ കൈയിൽ കിട്ടിയപ്പോൾ മുപ്പതു നാണയങ്ങളെ ഉണ്ടായിരുന്നൊള്ളൂ."

കുറച്ചു നേരത്തിന് ശേഷം ന്യായാധിപൻ ദാമുവിനോട് പറഞ്ഞു. "നിങ്ങളുടെ സഞ്ചിയിൽ നാൽപതു നാണയങ്ങൾ ഉണ്ടായിരുന്നെന്ന് അല്ലെ പറഞ്ഞത്. പക്ഷെ ഈ സഞ്ചിയിൽ മുപ്പതു

നാണയങ്ങളെ ഉള്ളൂ. അതുകൊണ്ട് ഈ സഞ്ചി നിങ്ങളുടേത് ആയിരിക്കില്ല. ഈ സഞ്ചി ഞാൻ രാമുവിന് കൊടുക്കുവാണ്. നിങ്ങളുടെ സഞ്ചി ഏത്രയും പെട്ടെന്ന് കിട്ടട്ടെ എന്ന് ആശംസിക്കുന്നു."

അങ്ങനെ അത്യാഗ്രഹിയായ ദാമു നാണിച്ച തലയും താഴ്ത്തി നിന്നു. പരോപകാരിയായ രാമുവിന് മുപ്പത് സ്വർണനാണയങ്ങൾ കിട്ടി.

ദാമു അത്യാഗ്രഹത്തിനു പോയില്ലായിരുന്നെങ്കിൽ അയാൾക്ക് നഷ്ടപെട്ട സ്വർണനാണയങ്ങൾ തിരിച്ച കിട്ടിയേനെ.

**ഗുണപാഠം :: അത്യാഗ്രഹം ആപത്ത് ....**



**ഷഹ്മാസ്**

**9c**

# കരുത്ത്

കോടമഞ്ഞു മൂടിയ അന്തരീക്ഷം.റബ്ബർ തോട്ടങ്ങളുടെ ഇടയിൽ കൂടി ഊർന്നിറങ്ങിവരുന്ന മഞ്ഞ്.അവിടെ തേവക്കാട്ടിൽ മത്തായിച്ചന്റെ വീട്ടിൽ നല്ല ബഹളം. കല്യാണപന്തൽ ഇട്ടിട്ടുണ്ട്. ചട്ടയും മുണ്ടും എടുത്ത ചേട്ടത്തിമാർ അവിടെ ഉണ്ടായിരുന്നു. ഓർമ്മകൾ അയവിറക്കുമ്പോൾ കല്യാണം തേവക്കാട്ടിൽ മത്തായിച്ചന്റെ മകൻ പോൾ മാത്യുവിന്റെ കല്യാണം. പോൾ പട്ടാളത്തിൽ ആണ്. ലീവിന് വരുന്നതിനുമുമ്പ് കണ്ടു ഇഷ്ടപ്പെട്ടതാണ് അവളെ. നിനയെ. അങ്ങനെ കല്യാണ വീട്ടിൽ ആകെ ബഹളം. പ്രാർത്ഥന ചൊല്ലി പോൾ വീട്ടിൽനിന്നും പള്ളിയിലേക്ക് ഇറങ്ങി. പള്ളിയിൽ ആൾത്താരയുടെ താഴെ നിനയെയും  കാത്തിരിക്കുകയാണ്. ഒരു വർഷമായി അവൾ കാത്തിരിക്കുകയാണ്. പള്ളിയിലെ പ്രാർത്ഥന തുടങ്ങി. ഭർത്താവിനെയും തിരുസഭയും സാക്ഷിനിർത്തി പോൾ നിനയുടെ കഴുത്തിൽ താലി ചാർത്തി . സുഖത്തിലും ദുഃഖത്തിലും ആരോഗ്യത്തിലും എന്നും കൂടെയുണ്ടാകുമെന്ന്. പോളിനെ കുറെ സുഹൃത്തുക്കളും ഉണ്ടായിരുന്നു. അങ്ങനെ വിവാഹ ചടങ്ങുകൾ കഴിഞ്ഞു. സുന്ദരമായ ജീവിതം നയിക്കുന്നു.

ഒരു ദിവസം രാവിലെ വീട്ടിൽ ഫോൺ റിങ് ചെയ്തു അതിർത്തിയിൽ നിന്നും തിരിച്ചുവരാനുള്ള വിളിയായിരുന്നു. മനസ്സില്ലാമനസ്സോടെ വേദനയോടെ യാത്ര തിരിക്കാൻ ഒരുങ്ങി. അവന്റെ ഭാര്യ വേദന അടക്കിപ്പിടിച്ച് അവനെ യാത്ര അയച്ചു. അവൻ വീടുവിട്ടു ഇറങ്ങാൻ നേരം അവളുടെ നെറ്റിയിൽ ചുംബിച്ചു. അവളുടെ കണ്ണിൽ നിന്നും കണ്ണുനീർ ഇറങ്ങിയപ്പോൾ അവൻ പറഞ്ഞു "ഇന്ത്യയെ സേവിക്കുന്ന ധീരജവാന്റെ ഭാര്യയാണ് "നീ അവൾ ഒരു ചെറുപുഞ്ചിരിയോടെ അവനെ യാത്രയാക്കി. കാർ വിദൂരതയിലേക്ക് മറയുന്നതുവരെ അവൾ നോക്കി തന്നെ നിന്നു. അവളുടെ കണ്ണിലൂടെ കണ്ണുനീർ ഊർന്നിറങ്ങി താഴെ വീണു എന്നും കാത്തിരുന്ന ഒരാഴ്ച കഴിഞ്ഞു അവർക്ക് സ്വർഗം കിട്ടിയ സന്തോഷമായിരുന്നു അവൾക്ക് ദിവസങ്ങൾക്കുശേഷം അവൾ പോളിന് കത്തെഴുതി. അവൻ ആകാംക്ഷയോടെ കത്തു തുറന്നു. ഒരു സന്തോഷവാർത്ത ആയിരുന്നു. അവൻ ഒരു അച്ഛനാകാൻ പോകുന്നുവെന്ന്. അവനു സന്തോഷം അടക്കാൻ കഴിയുന്നില്ല അങ്ങനെ അവൾക്ക് പ്രസവിക്കാൻ സമയമായി അവർക്ക് ഒറ്റ സങ്കടമേ ഉള്ളൂ, തന്റെ കുഞ്ഞിനെ ആദ്യം എടുക്കാൻ പോളി ഇല്ല എന്നത്. നീന പ്രസവിച്ചു ഒരാൺകുഞ്ഞിനെ, ഫിലിപ്പ് പോൾ.

കുഞ്ഞിന്റെ മാമോദിസക്ക് വരുമെന്ന് കരുതിയിരിക്കുമ്പോഴാണ് അവന് വരാൻ കഴിയില്ല എന്ന് അറിയിച്ചത്.ഫിലിപ്പിന്റെ ഫോട്ടോകൾ ഓരോന്നും നീന പോളിന് അയച്ചുകൊടുത്തു. ഫിലിപ്പിന്റെ ഒന്നാം പിറന്നാൾ ആണ്. പോൾ വരുമെന്ന് പറഞ്ഞിരുന്നു. അത് പ്രമാണിച്ച് എല്ലാവരെയും വിളിച്ചു വരുത്തി. പിന്നെ ഒരു വിവരവുമില്ല. നീന ദിവസങ്ങൾക്കു മുമ്പേ ഒരുങ്ങി.അവൾ ക്രൂശിത രൂപത്തിന് മുമ്പിൽ തന്നെയായിരുന്നു. ഓരോ വണ്ടിയുടെ ശബ്ദം വരുമ്പോഴും അവൾ ഓടും പക്ഷേ നിരാശയായിരുന്നു ഫലം.

ഫിലിപ്പിനെ ഒന്നാം പിറന്നാൾ. രാവിലെ നിനയും ഫിലിപ്പ് പള്ളിയിൽ പോയി അച്ചൻ ചോദിച്ചു" ഇന്ന് പോൾ വരില്ലേ" അവളുടെ മുഖം പൂവു പോലെ വിടർന്നു.ഉച്ചക്ക് വരുമെന്നു കരുതി പോളിനെ ഇഷ്ടപ്പെട്ട വിഭവങ്ങൾ ഒക്കെ ഉണ്ടാക്കി കാത്തിരിക്കുകയാണ്. പെട്ടെന്ന് ഒരു വണ്ടിയുടെ ശബ്ദം കേട്ട് അവൾ ഓടി.അവൾക്ക് സന്തോഷം അടക്കാൻ കഴിഞ്ഞില്ല മുമ്പിലെത്തിയപ്പോൾ ഒരു പട്ടാള വണ്ടി.അവൾ ആകാംഷയോടെ നോക്കി ഒരു വലിയ പെട്ടി.കുറെ പേർ കൂടിയിരിക്കുന്നു. എല്ലാവരുടെയും മുഖത്ത് സങ്കടം. അവൾക്ക് ഒന്നും മനസ്സിലായില്ല. ആ  പെട്ടിയുടെ മുകളിൽ ഇന്ത്യയുടെ കൊടി വച്ചിട്ടുണ്ടായിരുന്നു. അത് വന്ന് വീട്ടു മുറ്റത്തു നിന്ന് അവൾ സ്തംഭിച്ചു നിന്നു പോയി. അവളെ താങ്ങി കുറെ പേർ. അവൾ ഒന്നും മിണ്ടുന്നില്ല അവളുടെ കണ്ണിലൂടെ കണ്ണുനീർ ഇറങ്ങാൻ തുടങ്ങി ഫോട്ടോയും കെട്ടിപ്പിടിച്ച് കരയുകയാണ് അവർ ഒന്നും മിണ്ടുന്നില്ല അവന്റെ മുഖം കണ്ടതും നിലത്തിരുന്നു പോയി സൂചകമായി സല്യൂട്ട് ചെയ്തു. ഫിലിപ്പിനെ ആ നേരം  അവളുടെ അടുത്തേക്ക് കൊണ്ടു വന്നു. അവൾ  അവനെ വാങ്ങി. അവൾ സമനിലതെറ്റിയ പോലെ മോനെ..... നിന്റെ പപ്പ നിന്നെ വിളിക്കുന്നു. എന്തൊക്കെയോ പറഞ്ഞ് കരയുകയാണ്. അവൾക്ക് എന്ത് ചെയ്യണം എന്ന് അറിയില്ല. അവൾ അങ്ങോട്ടും ഇങ്ങോട്ടും നടക്കുകയാണ്. ചിറകൊടിഞ്ഞ പക്ഷിയെ പോലെ. പോളിന്റെ ശരീരം

പള്ളിയിലേക്ക് എടുക്കാൻ സമയമായി. അവളുടെ ചങ്ക് പിടക്കാൻ തുടങ്ങി. അവൾ ഉച്ചത്തിൽ നിലവിളിച്ചു. പോളച്ചോ? ഫിലിപ്പിനെ കണ്ടിട്ട് പോകാൻ.അതുകണ്ടു നിന്നവരെയെല്ലാം കണ്ണീരിൽ ആഴ്ത്തി. പള്ളിയിലെത്തി അന്ത്യകർമങ്ങൾ ഒക്കെ കഴിഞ്ഞ് പോളിനെ സെമിത്തേരിയിലേക്ക് എടുക്കുകയാണ്. അവന്റെ ശരീരം ഇറക്കിവെച്ചു. ഒരു പിടി മണ്ണു വാരിയിട്ടു. മനസ്സിൽ പതുക്കെ പോളച്ചൻ പറഞ്ഞപോലെ നമ്മുടെ മകനെ നന്നായി വളർത്തണം അവന്റെ പപ്പ ഒരു ധീരനായിരുന്നു എന്ന് പറഞ്ഞു കൊടുക്കണം.

വർഷങ്ങൾ കടന്നുപോയി.ഫിലിപ്പ് വളർന്നു. നീണ്ട നാളുകൾക്കു ശേഷം നീന ഡൽഹിയിലെ റിപ്പബ്ലിക് ദിനാചരണത്തിൽ ആണ്. വീരമൃത്യു മരിച്ച തന്റെ ഭർത്താവിന്റെ ഓർമ്മക്കായി പ്രസിഡണ്ടിന്റെ കൈയിൽ നിന്നും കീർത്തിചക്ര വാങ്ങാനാണ് വിളിച്ചത്. ആ മെഡൽ അവൾ വാങ്ങിയതും അവളുടെ കണ്ണിൽ നിന്നും ഒരിറ്റു കണ്ണുനീർ ആ മെഡലിൽ പതിഞ്ഞു. അവളറിയാതെ വിതുമ്പി. നീണ്ട ചടങ്ങുകൾക്കുശേഷം അവൾ യാത്ര തിരിക്കാൻ തുടങ്ങുമ്പോൾ ഫിലിപ്പ് വന്ന് അവളെ കൂട്ടികൊണ്ടുപോയി. ധീര ജവാന്മാരെ ഓർക്കാൻ വേണ്ടി അവർക്ക് ഒരു സല്യൂട്ട് നൽകാൻ നമ്മൾ പോകുന്ന ഇടം.

ഫിലിപ്പ് ചെന്ന് സങ്കടം ഉള്ളിലൊതുക്കി അഭിമാനത്തോടെ കൊടുത്തൊരു സല്യൂട്ട് റീനയുടെ കണ്ണിൽനിന്നും കണ്ണുനീർ താഴെ വീണു. ഫിലിപ്പ് പറഞ്ഞു ധീരജവാൻ എം ആരെയാണ് ഇങ്ങനെ കരയരുത് അവൻ കണ്ണുനീർ തുടച്ചു കൊടുത്തു .അഭിമാനിക്കാവുന്ന മറ്റൊന്നുകൂടി ആ മകൻ കൊടുത്തു.

റിപ്പബ്ലിക് പരേഡിൽ ഒരു ടീമിനെ നയിച്ച വീടാണ് മകൻ ഫിലിം മാത്യു അവനോട് ആരെ പോലെ ആകണം എന്ന് ചോദിച്ചാൽ ഒറ്റ മറുപടിയേ ഒള്ളൂ. താൻ നേരിട്ട് കാണാത്ത അവനെ പിന്താങ്ങുന്ന ആ അദൃശ്യശക്തി അവന്റെ പപ്പ.

ഫിലിപ്പ് മിലിറ്ററി യൂണിഫോമിൽ പപ്പയ്ക്കും ആയിരക്കണക്കിന് ജവാന്മാർക്കും കൊടുത്ത ആ സല്യൂട്ട് ബാക്കി ജീവിച്ചിരിക്കുന്ന മരിച്ചുപോയ പട്ടാളക്കാരുടെ കുടുംബാംഗങ്ങൾക്ക് ജീവിക്കാനുള്ള കരുത്താണ്.ഇന്ത്യക്ക് വേണ്ടി ചോരചിന്തിയ അനേകം പട്ടാളക്കാർക്ക് ഇവിടുത്തെ ഓരോ ജനങ്ങളുടെയും കണ്ണുനീർ കുതിർന്ന സല്യൂട്ട്.



ഹിബ കെ

9c

# AN OLD MAN LIVED IN THE VILLAGE

An old man lived in the village.He was one of the most unfortunate people in the world.The whole village was tired of him;he was always gloomy,he constantly complained and was always in a bad mood.

The longer he lived ,the more bile he was becoming and the more poisonous were his words people avoided him,because his misfortune became contagious.It was even unnatural and insulting to be happy nest to him.

He created the feeling of unhappiness in others. But one day,When he turned eighty years old,an incredible thing happened.

Instantly everyone started heating the rumors

> “An old man is happy
> today, he doesn’t
> complain about
> anything,smiles,and
> and even his face is
> freshened up”

The whole village gathered together.The old man was asked:

villager: What happened to you?

“Nothing special.

Eighty years I’ve been
chasing happiness,
and it was useless.
And then I decided to
live without
happiness and just
enjoy life.That’s why
I’m happy now”_ An old man

Moral:- DON’T CHASE HAPPINESS.
ENJOY YOUR LIFE.

RENNA SAMAD
9A

# സഹോദര സ്നേഹം

ദൂരെ ഒരു ഗ്രാമത്തിലാണ് വേണുവും സിന്ധുവും താമസിക്കുന്നത്. പ്രണയ വിവാഹം ആയതുകൊണ്ട് എന്നെ ബന്ധുക്കളുടെ യാതൊരു സഹായവും അവർക്കുണ്ടായിരുന്നില്ല. സിന്ധുവിനും വേണുവിനും ആൺമക്കളെ ആണ് കൂടുതൽ ഇഷ്ടം. എന്നാൽ ദൈവം അവർക്ക് ആദ്യമായി ഒരു പെൺകുട്ടിയാണ് നൽകിയത്.അവൾക്ക് അവർ മീര എന്ന് പേരിട്ടു.എന്നാൽ അതിൽ അവർ ഒട്ടും തൃപ്തരായിരുന്നില്ല . ശേഷം അവരുടെ സ്വപ്നങ്ങൾ പൂർത്തീകരിച്ചു കൊണ്ട് അവർക്ക് ഒരു ആൺകുട്ടി ജനിച്ചു. അവർ അവന് അർജുൻ എന്ന് പേരിട്ടു. കൃഷി ആണ് തൊഴിലെങ്കിലും മകനായ അർജുന് ഉയർന്ന വിദ്യാഭ്യാസം നൽകുകയും അവന്റെ എല്ലാ ആഗ്രഹങ്ങളും സാധിച്ചു കൊടുക്കുകയും ചെയ്തു. എന്നാൽ മകളായ മീരക്ക് അവർ മെച്ചപ്പെട്ട വിദ്യാഭ്യാസം ഒന്നും നൽകിയിരുന്നില്ല. അവരുടെ ആഗ്രഹങ്ങൾ ഒക്കെ അവർ തള്ളിക്കളഞ്ഞു. അവർ അവളെ അവഗണിച്ചെങ്കിലും അവൾക്ക് അവരോട് ഭയങ്കര സ്നേഹമായിരുന്നു. ഇവരുടെ ഈ ജീവിതരീതി വർഷങ്ങളോളം തുടർന്നു.

അർജുനും മീരയും വളർന്നുവലുതായി. അർജുന്റെ പിറന്നാൾ ദിനത്തിൽ മാതാപിതാക്കളായ വേണുവും സിന്ധുവും അവന് ബൈക്ക് സമ്മാനമായി നൽകി. ആ സന്തോഷം അധികനാൾ നീണ്ടുനിന്നില്ല.അർജുന് ഒരു അപകടം ഉണ്ടായി അവൻ ഹെൽമെറ്റ് ധരിച്ചിരുന്നില്ല.അവന് ഗുരുതരമായി പരിക്കേറ്റു. പെട്ടെന്നുണ്ടായ വീഴ്ചയുടെ ആഘാതം കാരണം അവന്റെ കണ്ണിന്റെ കാഴ്ച നഷ്ടപ്പെട്ടു.ആ വിവരം അവന്റെ മാതാപിതാക്കളെയും മീരയെയും തളർത്തി. അവന് വേണ്ടി അവന്റെ മാതാപിതാക്കൾ ബന്ധുക്കളോടും മറ്റുള്ളവരോടും സഹായം ചോദിച്ചു. എന്നാൽ അവർ എല്ലാവരും അവരെ കൈയ്യൊഴിഞ്ഞു.അർജുന്റെ നില വളരെ ഗുരുതരമാണെന്നും അവന്റെ കണ്ണ് ഉടനെ തന്നെ മാറ്റിവച്ചില്ലെങ്കിൽ അവന്റെ ജീവൻ തന്നെ നഷ്ടപ്പെട്ടേക്കാം എന്ന് പറഞ്ഞത് കേട്ട മീര അവന് തന്റെ സ്വന്തം കണ്ണ് നൽകാൻ തയ്യാറായി. അങ്ങനെ അവൾ തന്റെ ഇരുകണ്ണുകളും തന്റെ സഹോദരന് ദാനം നൽകി. അവളുടെ സ്നേഹം തിരിച്ചറിഞ്ഞ വേണുവും സിന്ധുവും സഹോദരൻ അർജുനും അവളെ വളരെ അധികം സ്നേഹിച്ചു. കുട്ടിക്കാലത്ത് ലഭിക്കാത്ത സ്നേഹവും പരിചരണവും അവളുടെ മാതാപിതാക്കൾ അവൾക്ക് നൽകി. പിന്നീട് അവർ നാലുപേരും സന്തോഷത്തോടെയും സ്നേഹത്തോടെയും ജീവിച്ചു.



ആയിശ മോൾ
9c

# A BOY WHO CRIED WOLF

A farmer asked his son to take their herd of sheep grazing every day . While the boy watched over the sheep,he got bored and decided to have some fun. So,he shouted, “WOLF! WOLF!”. Upon hearing this the villagers ran to help him chase the wolf away. As they reached him , they realised that there was no wolf and he was just kidding . The villagers were furious and they yelled at the boy for creating chaos and panic .on the next day and the boy shouted“WOLF”! again and once again the villagers came to help him and saw that there was no wolf. This made them very angry again.On the same day,the boy saw a  actual wolf that has terrorizing the sheep. The boy cried “WOLF! WOLF! Please help me” and no villagers showed up as they believed that the boy was joking again.

MORAL: “Don’t play with people’s trust, when it matters the most, they won’t believe you.”

BY : SHREYA . S. NADH
9A

# വിധി

അരുൺ  എന്ന ഒരു സൈനികനുണ്ടായിരുന്നു.അങ്ങനെ അദ്ദേഹം വർഷങ്ങൾക്ക്ശേഷം തന്റെ വീട്ടിലേക്ക് അവധിക്ക് വരുകയാണ്. വീട്ടിലെത്തി  രണ്ടാം ദിവസം തന്നെ അമ്മ അയാളുടെ അടുത്തേക്ക് വന്നിട്ട് പറഞ്ഞു. "മോനേ,നീ ഇവിടുന്ന് പോയാൽ പിന്നെ കൊല്ലങ്ങൾ കഴിഞ്ഞിട്ടാണ് വരിക ഇനി നീ വരുമ്പോൾ ഞാനുണ്ടാകണമെന്നില്ല.നീ പോകുമ്പോഴേക്കും നിനക്ക് കൂട്ടായി നീ തന്നെ ഒരു വധുവിനെ കണ്ടെത്തു."അങ്ങനെ അരുൺ തനിക്ക് പറ്റിയ ഒരു വധുവിനെ കണ്ടെത്തി സന്തോഷപ്പൂർവം കഴിഞ്ഞു.

അങ്ങനെ അവധി കഴിഞ്ഞ് ഇപ്രാവശ്യം അരുൺ വളരെയധികം സന്തോഷത്തോട് കൂടിയാണ് പോകുന്നത് കാരണം, അദ്ദേഹത്തിന്റെ ഭാര്യ ഗർഭിണിയാണ്.

അങ്ങനെ വർഷങ്ങൾക്ക് ശേഷം അയാൾ തന്റെ കുഞ്ഞിനെ കാണാൻ വേണ്ടി അവധി എടുത്ത് വരുകയാണ്.അയാൾ വീട്ടുമുറ്റത്തെത്തിയപ്പോൾ വരാന്തയിൽ രണ്ട് വയസ്സായ  ഒരു കുട്ടി കളിക്കുന്നു.ആ കുഞ്ഞിന് അദ്ദേഹത്തിന്റെ അതേ മുഖഛായയായിരുന്നു. ആ കുഞ്ഞിനെ എടുത്ത് ആദ്ദേഹം അകത്തേക്ക് ചെന്നു. അപ്പോൾ അയാൾ തന്റെ  വിഷാദയായ അമ്മയേയും അമ്മയുടെ മടിയിൽ വേറെ ഒരു കുഞ്ഞിനേയും കാണുന്നു. ഇത് കണ്ട് അയാൾ ആകെ ഒന്ന് പതറി.അമ്മ

അയാളെ കണ്ടതും തന്റെ അടുത്തേക്ക് വന്ന് കരഞ്ഞ് കൊണ്ട് പറഞ്ഞു."മോനെ, നീ നിന്റെ ഭാര്യയെ തിരയേണ്ട,അവൾ നിനക്ക് ഇരട്ടക്കുഞ്ഞുങ്ങളെ തന്ന് പോയി."ഇത് കേട്ട അദ്ദേഹം മാനസികമായി തളന്നു. ഇപ്രാവശ്യത്തെ അവധി കഴിഞ്ഞ് അദ്ദേഹം പോകാനൊരുങ്ങുമ്പോൾ അദ്ദേഹത്തിന്റെ അമ്മ വന്ന് പറയുന്നു. മോനെ, എനിക്ക് ഇനി അധികം ആയുസ്സില്ല. ഞാൻ പോയാൽ ഈ കുഞ്ഞുങ്ങൾ ഒറ്റക്കാകും. നീ ഇവരേയും കൊണ്ടുപോകൂ....

അങ്ങനെ അദ്ദേഹം തന്റെ ഇരട്ട കുട്ടികളുമായി ട്രെയിൻ യാത്ര തുടർന്നു. അപ്പോൾ ഒരു കുഞ്ഞിന് കടുത്ത പനി.അങ്ങനെ പനി കഠിനമായി ആ കുഞ്ഞ് മരണപ്പെട്ടു.രണ്ട് കുഞ്ഞ്ങ്ങളും ഒപ്പം കിടക്കുകയാണ്.ഒന്ന് ജീവനോടെയും ഒന്ന് ജീവനില്ലാതെയും. ട്രെയ്ൻ ആകെ നിശ്ശബ്ദതയിലായി.ട്രെയിനിലെ ടി.ടി.ആർ പറഞ്ഞു."അടുത്ത സ്റ്റേഷൻ എത്തുമ്പോഴേക്കും മൃതദേഹം അഴുകും.അടുത്ത സ്റ്റേഷൻ എത്തുന്നതിന് മുമ്പേ ഒരു നദിയുണ്ട്. അതിൽ കുഞ്ഞിനേ ഒഴുക്കേണ്ടി വരും.എല്ലാം ദൈവത്തിന്റെ വിധി''

അങ്ങനെ മനസ്സില്ലാമനസ്സോയടെ ആ കിടക്കുന്ന കുഞ്ഞുങ്ങളിൽ നിന്ന് മരണപ്പെട്ട കുഞ്ഞിനെ എടുത്ത് ഒഴുക്കിവിട്ടു.ദുഃഖത്തോടെ അദ്ദേഹം തിരിച്ച് മറ്റേ കുഞ്ഞിന്റെ അടുത്തേക്ക് വന്നു.ആ കുഞ്ഞിനെ വാരിപ്പുണർന്നപ്പോൾ കുഞ്ഞിന് അനക്കമില്ല. അയാൾ തിരിച്ചും മറിച്ചും നോക്കി.കു

ഞ്ഞിന്റെ ഹൃദയമിടിപ്പ് നിലച്ചിരുന്നു.അദ്ദേഹം കോരിത്തരിച്ച് വല്ലാത്തൊരു മാനസികാവസ്ഥയിലായി.

കാരണം അദ്ദേഹം ഒഴുക്കി വിട്ടത് ജീവനുള്ള കുഞ്ഞിനെയായിരുന്നു.

ഷൻഹ ഫാത്തിൻ -9 A



# ലേഖനങ്ങൾ

# മരങ്ങളുടെ പ്രാധാന്യം




മനുഷ്യൻ ഉൾപ്പെടെ അനേകം ജീവജാലങ്ങൾക്ക് ആശ്രയ കേന്ദ്രമാണ് മരങ്ങൾ. ജീവവായുവും വെള്ളവും എല്ലാം ലഭിക്കുന്നത് മരങ്ങളുടെ സഹായത്താലാണ്. എന്നാൽ ഇന്നത്തെ അവസ്ഥ എന്താണ്? തന്റെ ജീവിത സൗകര്യങ്ങൾ വർദ്ധിപ്പിക്കാനുള്ള ശ്രമത്തിൽ മനുഷ്യൻ മരങ്ങൾ വെട്ടി നശിപ്പിക്കുന്നു.മരങ്ങൾ ഇല്ലാതായാൽ നമ്മൾ മനുഷ്യർക്കും ഭൂമിയിൽ നില നിൽക്കാൻ കഴിയില്ല എന്നത് മറക്കരുത്. മരങ്ങൾ കൊണ്ടുള്ള പ്രയോജനങ്ങൾ അനവധിയാണ്. നമ്മുടെ നാട്ടിൽ സാർവത്രികമായി കാണുന്ന മണ്ണൊലിപ്പിന് പ്രധാനകാരണം മരങ്ങളുടെ അഭാവമാണ് എന്നറിയുമോ? മരങ്ങളുടെ വേരുകൾ ഒരു അരിപ്പ പോലെ പ്രവർത്തിക്കുന്നതിനാലാണ് മണ്ണൊലിപ്പ് നടക്കാത്തത്. അതുകൊണ്ടുതന്നെ മരങ്ങളുടെ അഭാവം മണ്ണൊലിപ്പിന് കാരണമാകുന്നു. മരങ്ങൾ മഴ പെയ്യിക്കുന്ന ഒരു മുഖ്യ ഘടകമാണ്. കാർമേഘങ്ങളെ തടഞ്ഞുനിർത്തി മഴ പെയ്യിക്കുന്നതോടൊപ്പം ചെയ്യുന്നതോടൊപ്പം പ്രാദേശിക മേഘങ്ങൾക്കു രൂപം കൊടുക്കുവാനും അന്തരീക്ഷത്തെ കുളിർപ്പിക്കാനുള്ള ജലം പ്രക്ഷേപണം ചെയ്യുവാനും മരങ്ങൾക്ക് കഴിയുന്നു .

അനുശ്രീ
9C

# സർപ്പയജ്ഞം

(പുസ്തകപരിചയം)

തന്റെ ജീവിതാനുഭവങ്ങൾ. കുടുംബാംഗങ്ങളുടെ അനുഭവങ്ങൾ ഇവ ഒരു ചെറുകഥ പോലെ പ്രസിദ്ധീകരിച്ച ഒരു സാഹിത്യ കൃതിയാണ് വൈക്കം മുഹമ്മദ് ബഷീറിന്റെ സർപ്പയജ്ഞം അദ്ദേഹത്തിന്റെ ചുറ്റും മനുഷ്യർ വേണം. സ്നേഹം സ്വീകരിക്കുകയും നൽകുകയും ചെയ്യുന്ന മനുഷ്യർ കൊച്ചു കുട്ടികളായാലും മതി.അത് അദ്ദേഹത്തിന് സന്തോഷമാകും.




10 ചെറുകഥകൾ 52 പേജുകളിലായിട്ടാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. അനിയൻ, സർപ്പയജ്ഞം, കിടന്നുമുള്ളി, തുടങ്ങിയവയാണ് ഇതിലെ പ്രധാന കഥകൾ. ഇതിന്റെ വില 20 രൂപയാണ്. ഇത് പുറത്തിറക്കിയത് ഡി സി ബുക്ക്സ് കോട്ടയം

നിവേദ്യ

9B

# കൊറോണ വൈറസ്;ജീവിത ശൈലി ഇനിയും മാറ്റാത്തവരുണ്ടോ..?




കൊറോണ വൈറസ് മഹാമാരി ലോകത്തെ
ഭീതിയിലാക്കിയിരിക്കുകയാണ്.
മനുഷ്യൻ ഇന്നലെ വരെ ജീവിച്ച പോലെയല്ല ഇന്ന്
ജീവിക്കുന്നത്.
മാസ്കും സാനിട്ടൈസറും ഒക്കെ ഇന്ന് മനുഷ്യരുടെ ഒഴിച്ച്
കൂടാനാകാത്ത നിത്യോപയോഗ സാധനങ്ങളാണ്.
മാസ്കും സനിട്ടൈസറും ഒക്കെ പൊതു ജീവിതത്തിൻറെ ഭാഗമാവുകയും ചെയ്തു.

കൊറോണയ്ക്ക് മുൻപ് മനുഷ്യൻ ജീവിച്ചിരുന്നത് പോലെയല്ല ഇപ്പോൾ ജീവിക്കുന്നത്.
സാഹചര്യങ്ങൾ മാറി കൊറോണ വൈറസ് വ്യാപനം തടയുന്നതിനായി സാമൂഹിക അകലം
പാലിക്കുകയാണ് ഇന്ന് സാമൂഹ്യ ജീവിയായ
മനുഷ്യൻ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി.
തിക്കും തിരക്കും ഒക്കെ ജീവിതത്തിൻറെ ഭാഗമായിരുന്നവർ ഇനി അതൊക്കെ
ഒഴിവാക്കണം.അതിനായുള്ള ക്രമീകരണങ്ങൾ തയ്യാറാക്കുവാൻ മിക്കവാറും
രാജ്യങ്ങൾ തയ്യാറായിട്ടുണ്ട്.
കൂട്ടം കൂടലും കൂടിച്ചേരലുകളും ഒഴിവാക്കാൻ കഴിയാതിരുന്നവർ ഇനി അതും ഒഴിവാക്കണം സ്വയം
നിയന്ത്രണം എന്നത് ജീവിതത്തിൻറെ ഭാഗമാക്കി മാറ്റണം.

പുതിയ ജീവിത ക്രമവുമായി മനുഷ്യൻ പൊരുത്തപെടുകയാണ്.മനുഷ്യൻ ജീവിതത്തിൽ എല്ലാം
വെട്ടിപിടിക്കുന്നതിനും സ്വന്തമാക്കുന്നതിനുമായുള്ള
നെട്ടോട്ടത്തിലായിരുന്നു.എന്നാൽ കൊറോണ മഹാമാരി താണ്ഡവം ആടാൻ തുടങ്ങിയതോടെ മനുഷ്യൻ
സ്വയം ജീവൻ രക്ഷിക്കാനുള്ള കഷ്ട്പാടിലാണ്.
മാളുകൾ,തിയറ്ററുകൾ,ഷോപ്പിംഗ് കോംപ്ലെക്സുകൾ,മെട്രോ ട്രെയിനുകൾ,ട്രെയിനുകൾ,വിമാനങ്ങൾ
എന്നിവയൊക്കെ കൊറോണയ്ക്ക് മുൻപും പിൻപും
എന്ന് മാറിയിട്ടുണ്ട്.നിലവിൽ ഈ മാറ്റം ഉൾക്കൊള്ളുന്നതിനുള്ള തയ്യാറെടുപ്പുകൾ ലോക രാജ്യങ്ങളിലെ
ഭരണകൂടങ്ങൾ തുടങ്ങിക്കഴിഞ്ഞു.

ഇന്നലെവരെ ഉണ്ടായിരുന്ന ജീവിത ശൈലി ഇനി മാറ്റണം എന്നതാണ് മനുഷ്യരുടെ മുന്നിൽ കൊറോണ
വൈറസിനെതിരായ പോരാട്ടത്തിനുള്ള ആയുധം.
ജീവിത ശൈലി മാറ്റുന്നതിന് തയ്യാറായി മനുഷ്യർ സ്വയം മുന്നോട്ട് വരുക തന്നെവേണം,സാമൂഹിക
അകലം അടക്കം ഉള്ള കാര്യങ്ങളിൽ മനുഷ്യർ സ്വയം
നിയന്ത്രിച്ചേ മതിയാകൂ,ഇനിയും ജീവിത ശൈലിയോ ജീവിത രീതിയോ മാറ്റാത്തവർ ഉണ്ടെങ്കിൽ അവരും
മാറിയേ മതിയാകൂ,കൊറോണയ്ക്കെതിരായ

മനുഷ്യരുടെ പോരാട്ടം ഓരോ മനുഷ്യനും സ്വയം വിചാരിച്ചാൽ മാത്രമേ മുന്നോട്ട് പോകൂ,പൊതുഇടങ്ങൾ എന്നത് മനുഷ്യർക്ക് അന്യമാകുന്ന സാഹചര്യമാണ്,


മനുഷ്യൻ എന്ന സാമൂഹ്യ ജീവി,സ്വയം തന്നിലേക്ക് ചുരുങ്ങുക എന്നതും കൊറോണയിലൂടെ സാധ്യമായതാണ്,നിലനിൽപ്പിന് വേണ്ടിയുള്ള പോരാട്ടത്തിൽ

മനുഷ്യന് സ്വയം മരിയ്ക്കാതിരിക്കാനും മറ്റുള്ളവർ മരിയ്ക്കാതിരിക്കുന്നതിനും സ്വയം മാറിയേ മതിയാകൂ,ജീവിത ശൈലിയിൽ,പെരുമാറ്റത്തിൽ,

യാത്രകളിൽ,വിനോദങ്ങളിൽ,അങ്ങനെ എല്ലാ മേഖലയിലും മനുഷ്യൻ മാറേണ്ടിയിരിക്കുന്നു.കൊറോണ മാറ്റി വരയ്ക്കുന്ന ലോകത്തിൽ മനുഷ്യൻറെ

പങ്ക് നിർവചിക്കുന്നതിന് മനുഷ്യൻ സ്വയം തയ്യാറാകണം,ഇനിയും വൈകിക്കൂട,ഇത് മനുഷ്യർ മനുഷ്യർക്ക് വേണ്ടി നടത്തുന്ന പോരാട്ടമാണ്.

ഷഹ്മാസ്
9C




# ആൽകെമിസ്റ്റ്

(പുസ്തകപരിചയം)

1988 ൽ പ്രസിദ്ധീകരിച്ച മലയാളത്തിലും ഇംഗ്ലീഷിലും ലഭ്യമായ 'ദി ആൽക്കമിസ്റ്റ് ' എന്ന പൗലോ കൊയ്‌ലോ യുടെ ബുക്കിന്റെ അവലോകനം ആണിത്. ഇതിൽ ആദ്യം ഞാൻ കഥാകൃത്തിനെ കുറിച്ച് പറഞ്ഞു തുടങ്ങുന്നു. അതിനുശേഷം ഈ ബുക്കിനെ കുറിച്ചും അതുപോലെ ഈ നോവലിന്റെ ചെറിയൊരു സംഗ്രഹവും അതിനുശേഷം ദി ആൽകെമിസ്റ്റ് എന്ന് ഈ ബുക്കിന് പേരിടാനുള്ള കാര്യവും എനിക്ക് ഈ ബുക്ക് വായിച്ച ഇഷ്ടപ്പെടാനുള്ള കാരണം പറയുന്നുണ്ട്.


## കഥാകൃത്തിനെ കുറിച്ച്,



മോട്ടിവേഷൻ പുസ്തകങ്ങളുടെ എഴുത്തുകാരിൽ ഏറ്റവും ഉന്നതിയിൽ നിൽക്കുന്ന ബ്രസീലിയകാരനായ, വിശ്വവിഖ്യാതനായ പൗലോ കൊയ്‌ലോയുടെ ഏറ്റവും പ്രസിദ്ധമായ ഒരു കൃതിയാണിത്. അദ്ദേഹത്തെ കുറിച്ച് പറയുകയാണെങ്കിൽ, ഒരു എഞ്ചിനീയർ ആകണമെന്ന വീട്ടുകാരുടെ നിർബന്ധത്തെ തുടർന്ന് എഴുത്തുകാരൻ ആകണം എന്ന ഒരേയൊരു ലക്ഷ്യത്തോടെ വീടും നാടും വിട്ടിറങ്ങിയ ഒരു എഴുത്തുകാരനാണ് അദ്ദേഹം. അദ്ദേഹത്തിന്റെ ഒരു വിധം എല്ലാ ബുക്കുകളും

വായനക്കാർ ഒത്തിരി ഇഷ്ടപ്പെടുന്ന ബുക്കുകളാണ്. എല്ലാ കൃതികളുടെയും ഒരുപാട് സന്ദേശങ്ങൾ തരുവാൻ അദ്ദേഹത്തിനു സാധിച്ചു.

## ഈ ഒരു ബുക്കിനെ കുറിച്ച്,




1988 ൽ പ്രസിദ്ധീകരിച്ച ഈ ബുക്കിനെ ഒരു മോട്ടിവേഷൻ കൃതി മാത്രമായിട്ട് പറയുവാൻ സാധിക്കില്ല. ആർക്കും രസകരമായി വായിച്ചു തീർക്കാവുന്ന ഒരു നോവൽ കൂടിയാണിത് ഒപ്പം നമുക്ക് നമ്മുടെ ജീവിതത്തിലേക്ക് ഒരു തിരിഞ്ഞു നോട്ടത്തിനും ഉതുങ്ങുന്നതാണ്. എഴുപതോളം ഭാഷകളിൽ വിവർത്തനം ചെയ്തു ഈ ബുക്ക് ഇതുവരെ 65 മില്യൺ കോപ്പികൾ വിറ്റുകഴിഞ്ഞു. ജീവിച്ചിരിക്കുന്ന ഒരു സാഹിത്യകാരന്റെ,ഏറ്റവുമധികം ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ട കൃതി എന്ന നിലയിൽ ഗിന്നസ് ബുക്കിൽ ഇടം നേടി. 1

## കഥയെ കുറിച്ച്,

സൗത്ത് സ്പെയിനിൽ ജീവിക്കുന്ന ഒരു ആട്ടിടയൻ ആണ് ഇതിലെ കേന്ദ്രകഥാപാത്രം, സാന്റിയാഗോ ( ആദ്യത്തെ മൂന്നു നാല് പേജ് കഴിഞ്ഞാൽ നായകനെ പരാമർശിക്കുന്നത് മുഴുവൻ ബോയ് എന്ന് മാത്രമാണ്). നല്ല വിദ്യാഭ്യാസം ഉണ്ടായിട്ടും പല പല നാടുകൾ കാണണമെന്ന ഒറ്റ ആഗ്രഹത്തിന്റെ പുറത്ത് ആട്ടിടയനായി കഴിയുകയാണ് ഇതിലെ നായകൻ. ഒരു രാത്രി സ്റ്റാൻഡിങ് ഒരു സ്വപ്നം കാണുന്നു.ഈജിപ്തിലെ പിരമിഡുകളിൽ വച്ച് വലിയൊരു നിധി കണ്ടെത്തുന്നു എന്നതായിരുന്നു ആ സ്വപ്നം. ഈ സ്വപ്നം വിശകലനം ചെയ്യുന്ന ജിപ്സി സ്ത്രീയും ഒരു മിസ്റ്ററി പോലെ തന്റെ അടുത്തെത്തുന്ന വൃദ്ധനും സ്വപ്നത്തിൽ കണ്ട നിധി തേടാൻ സാന്റിയാഗോയെ പ്രേരിപ്പിക്കുന്നു. താൻ കണ്ട ആ സ്വപ്നം അനുസരിച്ച്, നിധി കണ്ടു പിടിക്കാൻ വീടും നാടും വിട്ട് നടക്കുന്ന ഒരു കഥാപാത്രമാണ് ഇതിലെ ഈ ആട്ടിടയൻ.സാന്റിയാഗോയുടെ അന്വേഷണത്തിലൂടെ അവൻ പഠിച്ച കാര്യങ്ങളാണ് പൗലോ കൊയ്‌ലോ നമ്മളുമായി പങ്കുവെക്കുന്നത്.

## ബുക്കിന്റെ പേരിന് പുറകിൽ,

'ദി ആൽക്കമിസ്റ്റ്' എന്ന വാക്കിന്റെ അർത്ഥം ലോഹത്തെ സ്വർണം ആക്കുന്ന മാന്ത്രിക ശാസ്ത്രജ്ഞൻ എന്നാണ്. ഈ പേര് പോലെ തന്നെ നമ്മുടെ സാധാരണ ജീവിതത്തെ സ്വർണമാക്കി മാറ്റാവുന്ന ഒരു അത്ഭുത കൃതി കൂടിയാണിത്.

## എനിക്ക് ഈ നോവൽ ഇഷ്ടപ്പെടാനുള്ള കാരണം,

ഒത്തിരി സന്ദേശങ്ങൾ ഈ ഒരു നോവൽ തരുന്നുണ്ടെങ്കിലും അത് ഒരിക്കലും നമ്മളെ ബോറടിപ്പിക്കുന്ന തരത്തിലല്ല, അതിലെ കഥാപാത്രങ്ങളിലൂടെയാണ് ഓരോ സന്ദേശവും നമ്മളുമായി പങ്കുവെക്കുന്നത്.നമ്മുടെ ചെറുപ്പത്തിൽ മുത്തശ്ശിമാർ ഓരോ കഥകളിലൂടെ ഒത്തിരി കാര്യങ്ങൾ പഠിപ്പിക്കുന്ന പോലെ നമുക്ക് ഈ നോവലിനെ കാണാൻ കഴിയും അതുകൊണ്ട് പകുതിക്ക് വച്ച് നിർത്താതെ മുഴുവൻ വായിച്ച് ഇരിക്കുവാൻ ആർക്കായാലും സാധിക്കും. ഒരു തുടക്ക വായനക്കാരനായെങ്കിൽ കൂടി വായിച്ചു മനസ്സിലാക്കാൻ പറ്റുന്ന ഒരു നോവലാണ് ഇത്. യാത്ര ഇഷ്ടപ്പെടുന്നവർക്ക് പറ്റിയ യാത്രാവിവരണം പോലെ തോന്നിക്കുന്ന ഒരു നോവൽ കൂടിയാണിത് നമ്മുടെ നാടല്ലാത്ത ഒരു പുതിയൊരു നാടും ആചാരങ്ങളും പരിചയപ്പെടുത്താൻ കൂടി ഇതിന്റെ കഥാകൃത്തിന് സാധിച്ചു.

## നോവലിന്റെ പ്രശ്നങ്ങൾ,

ഈ ഒരു നോവൽ ദൈവത്തിനും വിശ്വാസങ്ങളെയും ആചാരങ്ങളെയും കുറിച്ച് ആഴത്തിൽ പറഞ്ഞിരിക്കുന്നതിനാൽ എല്ലാ കാര്യങ്ങളും എല്ലാവർക്കും സ്വീകരിക്കാൻ സാധിച്ചു എന്ന് വരില്ല. അതുകൊണ്ട്, വിശ്വാസവുമായി ബന്ധപ്പെട്ട ഭാഗങ്ങൾ കൂടുതൽ ശ്രദ്ധിക്കാതെ അതിലൂടെ തരുന്ന സന്ദേശങ്ങൾ ശ്രദ്ധിച്ചാൽ ആർക്കും ഇഷ്ടപ്പെടുന്ന ഒരു ബുക്ക് ആണിത്.

## ഈ നോവലിലൂടെ നാം പഠിക്കുന്ന ചില പാഠങ്ങൾ,

1. എന്തു വേണം എന്ന് തീരുമാനിക്കുക. ജീവിതത്തിൽ എന്തൊക്കെ നേടണമെന്ന് കൃത്യമായി തീരുമാനമെടുത്തവർക്കേ അത് നേടാൻ കഴിയൂ.

2.ചെയ്യുന്ന കാര്യങ്ങൾ ഏകാഗ്രതയോടെ ചെയ്യുക.ഒരു കാര്യം ചെയ്തുകൊണ്ടിരിക്കുമ്പോൾ മറ്റൊന്നിനെക്കുറിച്ചു ചിന്തിക്കാതിരിക്കുക.

3. നല്ലത് കാണുക. നമ്മുടെ ജീവിത യാത്രക്കിടയിൽ നിരവധി സുന്ദര മുഹൂർത്തങ്ങൾ നാം നഷ്ടപ്പെടാറുണ്ട്

4. പ്രാർത്ഥനകൾ ഇല്ലാത്ത സ്വപ്നം നിഷ്ഫലമാണ്. സ്വപ്ന നേട്ടങ്ങൾക്കായി പ്രവർത്തിച്ചു കൊണ്ടേയിരിക്കുക.

5. പഠനം ഒരു ശീലമാക്കുക. പുതിയ അറിവുകളിലൂടെയും അനുഭവങ്ങളിലൂടെയും മാത്രമേ പരിവർത്തനം സാധ്യമാകൂ.

6. പരാജയങ്ങളെ ഭയപ്പെടാതിരിക്കുക. പരാജയങ്ങൾ പുതിയ അറിവും അനുഭവവും നൽകുന്നു.വീണ്ടും ശ്രമിക്കുക

7. ഇതുവരെ ചെയ്യാത്ത പുതിയ കാര്യങ്ങൾ ചെയ്യുക.ചെയ്യാത്ത കാര്യങ്ങൾ ചെയ്യുമ്പോൾ കൂടുതൽ ആത്മവിശ്വാസം കൈവരിക്കാൻ കഴിയും.

8. ലക്ഷ്യത്തിൽ എത്തിച്ചേരും വരെ സ്വപ്നത്തെ പിന്തുടരുക.ശ്രമത്തിൽ നിന്നും പിന്മാറരുത്.

ആൽകെമിസ്റ്റ് നമുക്ക് തരുന്ന അനുഭവം.....
പറഞ്ഞറിയിക്കാനാവാത്തതാണ്.......ഓരോ പ്രായത്തിലും ആൽകെമിസ്റ്റ് വായിക്കുമ്പോഴുള്ള അനുഭവം പലതാണ്..... പതിനാറുകാരന് ഡിറ്റക്ടീവ് നോവലിന്റെ സുഖവും മുപ്പതുകാരന് ജീവിതയാഥാർത്ഥ്യങ്ങളുടെ രുചിയും നൽകുന്നു....
അവിടെയാണ് എഴുത്തുകാരന്റെ വിജയം....

നിഷ്മ നൗറിൻ

9c

# <u>Natural Disaster</u>

A natural disaster is a major advere event resulting from natural process of the earth . Examples including firestorms , dust storms ,floods , hurricanes , volcanic erruptions , earthquake , tsunamis, storms,and other geologic processes.




A natural disaster can cause loss of life or damage property and typically leave some economic damage in its wake, the severity which depends on the effected populations resilience and on the infrastructure available. In a disaster you face the danger of death or physical injury. You may also lose your home, possessions and community. Such stressors place you at risk for emotional and physical health problem.

Febina . K
9B

# വരകൾ
# വർണങ്ങൾ




RISHNA
9A




GOURI.P.NAIR
9A




HALA
9A




DEEYA JYOTHISH
9A





RISHNA
9A




DEEYA JYOTHISH
9A




RISHNA
9A




RISHNA
9A




DEEYA JYOTHISH
9A




DEEYA JYOTHISH
9A


ഓർമ്മകൾ

# LITTLE KITES UNIT CAMP 2022







Merry Christmas


Xpress




Merry
Christmas

# FAREWELL 2022







ARE OUR TEACHERS
THE S NING S RS OF OUR SKY


YOU ARE OUR T
SHINING ST






YOU ARE OUR TEACHERS


YOU ARE OUR
THE SHINING






THE
END
Greetings
ISLAND